# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2620. 09-05-2017 ൽ മറുപടിയ്ക്ക്

## നെൽകൃഷി ആദായകരമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി

**ചോദ്യം**

ശ്രീ.കെ.സുരേഷ് കുറുപ്പ്
,, ജെയിംസ് മാത്യു
,, പുരുഷൻ കടലുണ്ടി
,, എം. സ്വരാജ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടർ ആക്കി ഉയർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-<br>**1.സുസ്ഥിര നെൽകൃഷി വികസനം**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**4.പാടശേഖരസമിതികളുടെ പ്രവർ** |

**ത്തന ചെലവിനായുളള പദ്ധതി-**

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-** ഡാറ്റാബാങ്ക് വാലിഡേഷൻ കെ.എസ്.ആർ.ഇ.സി. യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-2018 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**6.കരനെൽകൃഷി വികസനം**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**7.തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക്** ഈ വർഷം ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000/- രൂപ കർഷകനും 5000/- രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-2017 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7000/- രൂപ (5800/- രൂപ കർഷകനും 1200/- രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**8.തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത്തല അവാർഡ്**

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **9. ഒരുപ്പ കൃഷി ഇരുപ്പ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം.**<br>ഹെക്ടറിന് 10000/- രൂപ ധനസഹായനിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.<br>**10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം**<br>ഇതിലേക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**13. രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി.**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**14.** ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം- 1200 ലക്ഷം രൂപ.<br>**15.** റൈസ് മില്ല്. (300 ലക്ഷം). അതാത് പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന നെൽവിത്ത് അതാത് സ്ഥലത്ത് വിപണനം ചെയ്യുന്നതിലേയ്ക്ക് ലക്ഷ്യമിട്ടുകൊണ്ട് മിനി റൈസ് മില്ല് സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | നെൽകൃഷി ആദായകരമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ഉണ്ട്; | (ബി) | (എ) പിരിവിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ വഴി കർഷകന്റെ ചെലവ് കുറയ്ക്കുവാനും, ആദായം വർദ്ധിപ്പിക്കുവാനും, ഉല്പാദനക്ഷമത കൂട്ടുവാനും കഴിയും. നിലവിലെ സമഗ്രനെൽകൃഷി വികസന പദ്ധതി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ 20-40% വരെ ചെലവ് കുറയ്ക്കുവാൻ കഴിയും. കൂടാതെ കാർഷിക യന്ത്രവൽക്കരണം, കൃത്യസമയത്തുള്ള ജലസേചനം, ഗുണമേന്മയുള്ള വിത്തിന്റെ ഉപയോഗം, കൃത്യസമയത്തുള്ള മണ്ണ് പരിശോധനയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലുള്ള വളപ്രയോഗം. കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കൽ, വിവിധ വിളപരിപാലന പ്രവർത്തനങ്ങൾക്ക് കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയുടെ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവ പാടശേഖരാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് വഴി ചെലവ് കുറയ്ക്കുന്നതിന് പുറമേ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. |
| (സി) | ഭക്ഷ്യ ധാന്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് കൃത്രിമ വിലക്കയറ്റത്തിനിടയാക്കുമെന്ന അനുഭവത്തിന്റെയടിസ്ഥാനത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | നെൽകൃഷിയിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 2017-18 സാമ്പത്തിക വർഷം സമഗ്രനെൽകൃഷി വികസന പദ്ധതിയിൽ 15 ഘടകങ്ങളിലായി ആകെ 70 കോടി ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ